ഉത്തരം തിരുത്തിക്കൊണ്ട് പ്രസ്താവന
നടത്താൻ അവകാശമുണ്ടെന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം വസ്തുതാപരമല്ലെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒന്നാണെന്നും അതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ചെയറിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ. വി.എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ചെയർ അയച്ചുകൊടുത്തിരുന്നു. 115-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വസ്തുതാപരമായ പിശക് സംഭവിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരം തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ നൽകുന്ന ഉത്തരത്തിൽ വസ്തുതാപരമായ പിശക് ഉണ്ടായാൽ അത് തിരുത്തുന്നതിന് മന്ത്രിമാർക്ക് ചട്ടപ്രകാരം അവകാശമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം അദ്ദേഹം തിരുത്തി സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽ നടപടികൾ ആവശ്യമുണ്ടെന്ന് ചെയർ

കരുതുന്നില്ല.

അവകാശലംഘന പ്രശ്നങ്ങൾ

**അനുമതി നിഷേധിച്ചവ**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. എ. കെ. ബാലൻ, ശ്രീ. വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. സി. ദിവാകരൻ എം.എൽ.എ നൽകിയ നോട്ടീസ്, ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസണിനെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.ക്കെതിരെ ശ്രീ.എ. കെ. ബാലൻ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ.ടി. എൻ. പ്രതാപൻ

എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ എം.എൽ.എ. നൽകിയ നോട്ടീസ്. ഈ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. ഇതിന്റെ വിശദ വിവരങ്ങളടങ്ങിയത് ലൈബ്രറിയിൽ ഉണ്ട്. വായിക്കേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് അത് വായിക്കുന്നില്ല.